**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഓണറേറിയം വ്യവസ്ഥയിൽ പുതിയതായി നിശ്ചയിക്കപ്പെടുന്ന ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ നിയമന യോഗ്യത സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം. 74/ 2019/ ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 27/ 06/ 2019**

---

പരാമർശം : 1. സ.ഉ(എം.എസ്)നം. 28/ 2018/ തസ്വഭവ തീയതി 24/ 02/ 2018.
2. സ.ഉ(എം.എസ്)നം. 21/ 2019/ തസ്വഭവ തീയതി 11/ 02/ 2019.
3. പഞ്ചായത്ത് ഡയറക്ടറുടെ 22.02.2019 ലെ ഇ 9-36265/ 16 നം. കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ടവരുമായ ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവർക്ക് പരാമർശം (1),(2) പ്രകാരം പ്രൊമോഷനും മിനിമം പെൻഷനും അനുവദിച്ച് ഉത്തരവായിരുന്നു. നിലവിൽ സാംസ്കാരിക നിലയങ്ങളിലും, നഴ്സറി സ്കൂളുകളിലും ജോലി ചെയ്തുവരുന്നവർ സേവനത്തിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ പുതിയതായി നിശ്ചയിക്കപ്പെടുന്നവരുടെ നിയമന യോഗ്യത സംബന്ധിച്ച് പിന്നീട് നിർദ്ദേശം പുറപ്പെടുവിക്കുന്നതാണെന്ന് പരാമർശം (1) ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവർക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ ഗ്രാമപഞ്ചായത്ത്/നഗരസഭ ഭരണസമിതികൾ തെരഞ്ഞെടുക്കുന്ന സാഹചര്യത്തിൽ ടി ജീവനക്കാർക്ക് യോഗ്യത നിശ്ചയിക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിച്ചിട്ടുള്ള സാംസ്കാരിക നിലയങ്ങൾ, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിലെ ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നീ തസ്തികകളിൽ ഒഴിവുണ്ടായാൽ ടി തസ്തികകളിൽ താഴെ പറയുന്ന യോഗ്യതയുള്ളവരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Category | Qualification |
|---|---|
| Librarian | 1. S.S.L.C. or equivalent.<br>2. A Certificate in Library science issued by the Board of Public Examinations, Kerala or its equivalent.<br>3. A certificate in Library Science issued by the Kerala Grandhasala Sangham or equivalent. |
| Nursery School Teacher | 1. S.S.L.C. or equivalent.<br>2. A certificate of successful completion of Nursery Training issued by the Kerala Government, or the former Travancore - Cochin Government. OR Nursery Training Certificate issued by the State Coucil of Child Welfare OR Balasevika Training Certificate issued by the State Council of Child Welfare OR Pre-primary Teachers Training certificate issued by the commissioner for Government Examinations, Kerala.<br>Preference will be given to Teachers Training Certificate or holders with any of the above qualifications |
| Nursery School Ayah | Pass in Standard VII or equivalent. Preference can be given to Pre primary Teacher's Training Certificate holders. |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/467/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

66